LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ മേഖലകളിലെ റേഷൻ വിതരണം

284 (1650) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിയുടെ കാലത്ത് പട്ടികവർഗ്ഗ മേഖലകളിൽ അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ എത്തിച്ച് നൽകുന്നതിൽ വീഴ്ച സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നടത്തിവരുന്ന സൗജന്യ ഭക്ഷ്യകിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് 2021 മേയ് വരെ 4648.29 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭക്ഷ്യകിറ്റ് വിതരണത്തിനായി സപ്ലൈകോ വിവിധ മാസങ്ങളിലായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്ത കിറ്റുകളുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗ മേഖലകളിലും സഞ്ചരിക്കുന്ന റേഷൻകടകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഭക്ഷ്യകിറ്റ് വിതരണത്തിനായി കേന്ദ്രസർക്കാർ സാമ്പത്തിക വിഹിതം അനുവദിച്ചിട്ടില്ല. ഭക്ഷ്യകിറ്റ് വിതരണത്തിനായി ഓരോ ഘട്ടത്തിലും വേണ്ടി വരുന്ന തുക സപ്ലൈകോയുടെ ശിപാർശ പ്രകാരമാണ് അനുവദിച്ചു നൽകാറുള്ളത്.

റേഷൻ വിതരണം

285 (1651) ശ്രീ. കുറുക്കോളി മൊയ്തീൻ:
ഡോ. എം. കെ. മുനീർ:
പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴി വിതരണം ചെയ്യാനുള്ള ഭക്ഷ്യധാന്യങ്ങൾ ഗോഡൗണുകളിൽനിന്നും കാണാതാകുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

റേഷൻകട വഴി വിതരണം ചെയ്യാനുള്ള ഭക്ഷ്യ സാധനങ്ങൾ കുറവ് വരുന്ന

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സംഭവം ചില ജില്ലകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിലെ റേഷൻ സാധനങ്ങൾ സംഭരിക്കുന്ന വാവാട് എൻ.എഫ്.എസ്.എ. ഗോഡൗണിൽനിന്ന് റേഷൻ സാധനങ്ങൾ സ്റ്റോക്കിൽ കുറവുകണ്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വലിയതുറ എൻ.എഫ്.എസ്.എ. ഗോഡൗണിൽ ജൂനിയർ മാനേജർ (M&I) പരിശോധന നടത്തിയപ്പോൾ 1987280 രൂപയുടെ ഭക്ഷ്യധാന്യം കുറവുകണ്ടെത്തിയതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. തുടർന്ന് എൻ.എഫ്.എസ്.എ. ഓഫീസർ ഇൻ-ചാർജ്ജിനെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ NFSA ഡിപ്പോയിലും സ്റ്റോക്കിൽ വ്യത്യാസം കണ്ടെത്തിയതിനെത്തുടർന്ന് ഓഫീസർ ഇൻ-ചാർജ്ജിനെയും സ്റ്റോക്ക് കസ്റ്റോഡിയനെയും സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിലെ നാലാം മൈൽ കാട്ടിച്ചിറയിൽ ശ്രീ. നസീർ കെ. എന്നയാളുടെ ഉടമസ്ഥതയിലുള്ള പണി നടന്നുകൊണ്ടിരിക്കുന്ന വീട്ടിൽനിന്ന് 29-9-2020-ൽ എഫ്.സി.ഐ. മാർക്കോടുകൂടി 64 ചണചാക്ക് അരിയും 20 കി.ഗ്രാം തൂക്കം വരുന്ന റേഷൻ അരിയാണെന്ന് സംശയിക്കുന്ന 242 ബാഗ് അരിയും പിടിച്ചെടുത്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് എ.ആർ.ഡി. 35, 40 എന്നീ കടകൾ സസ്പെൻഡ് ചെയ്യുകയും ബന്ധമുണ്ടെന്ന് സംശയിക്കുന്ന ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും ചെയ്തിരുന്നു. ഇതുസംബന്ധിച്ച് പോലീസ് കേസും വകുപ്പുതല നടപടികളും തുടർന്നുവരുന്നുണ്ട്.

(ബി) ഉദ്യോഗസ്ഥരും റേഷൻ കടക്കാരും ചേർന്ന് മേൽപ്പറഞ്ഞ സംഭവങ്ങൾക്ക് ഒത്താശ ചെയ്യുന്നതായി കണ്ടെത്താനായിട്ടുണ്ടോ?

വിശദമായ അന്വേഷണങ്ങൾ നടന്നുവരുന്നു.

(സി) എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

NFSA ഡിപ്പോകളിലേയ്ക്ക് FCI-യിൽനിന്നും റേഷൻ സാധനങ്ങൾ വിട്ടെടുക്കുമ്പോൾ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള റേഷനിംഗ് ഇൻസ്പെക്ടർമാർ വാഹനം FCI-യിൽനിന്നും പുറപ്പെട്ടാൽ ഉടൻതന്നെ ട്രഗിൾ ഷീറ്റിൽ വാഹന നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയും ആയത് NFSA ഗോഡൗണിൽ എത്തിച്ചേർന്നാൽ ഉടൻതന്നെ NFSA ഓഫീസർ ഇൻ ചാർജ്ജുമാർ ട്രഗിൾ ഷീറ്റിൽ രേഖപ്പെടുത്താനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റേഷൻ വിട്ടെടുപ്പ്/ വാതിൽപ്പടി വിതരണ വാഹനങ്ങൾ നിരീക്ഷിക്കുന്നതിന് വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ജില്ല/താലൂക്ക് സപ്ലൈ

ആഫീസ് തലത്തിലും എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ പരിശോധനകൾ നടത്തുന്നതി ലേയ്ക്ക് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സപ്ലൈകോ അസിസ്റ്റൻറ് മാനേജർ, ബന്ധപ്പെട്ട സപ്ലൈ ആഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ, സപ്ലൈകോയുടെ Quality Assurance Officer എന്നിവർ ഉൾപ്പെട്ട സംയുക്ത പരിശോധന സംഘങ്ങളും എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ പരിശോധന നടത്തിവരുന്നു.

സപ്ലൈകോയുടെ പ്രവർത്തനം

286 (1652) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യംവേണ്ട നിത്യോപയോഗസാധനങ്ങൾ കുറഞ്ഞ വിലയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ സപ്ലൈകോയുടെ പ്രവർത്തനം എത്രത്തോളം സഹായകമാണെന്ന് വ്യക്തമാക്കാമോ?

പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സപ്ലൈകോ നടപടികളെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങളാണ് വിൽപ്പനശാലകൾവഴി വിതരണം ചെയ്തുവരുന്നത്. സപ്ലൈകോ വിൽപ്പനശാലകളിലെ നിലവിലുള്ള സബ്സിഡി വിലയും 22-7-2021-ലെ പൊതുവിപണി വിലയും തമ്മിലുള്ള വ്യത്യാസവും വ്യത്യാസ ശതമാനവും അനുബന്ധമായി ചേർക്കുന്നു.* സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 41 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. ഇത് കൂടാതെ തേയിലപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, മസാലപ്പൊടികൾ, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും FMCG ഉൽപ്പന്നങ്ങളും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly